നം. 5310/ലെഗ്.പബ്ലി 1/2020/നിയമം നിയമ (ലെഗ്. പബ്ലിക്കേഷൻ) വകുപ്പ്

# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ-2357 12.03.2020-ലെ മറുപടിയ്ക്ക്

## <u>കാലഹരണപ്പെട്ട നിയമങ്ങൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ എ.കെ. ബാലൻ<br>ബഹു.പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |

| | |
|---|---|
| (എ) സംസ്ഥാന സർക്കാർ പാസ്സാക്കിയിട്ടുള്ള എന്തെല്ലാം നിയമങ്ങളാണ് സംസ്ഥാനത്ത് പ്രാബല്യത്തിലുള്ളത്; പട്ടിക ലഭ്യമാക്കുമോ; | സംസ്ഥാനത്ത് നിലവിലുള്ള നിയമ ങ്ങൾ അടങ്ങുന്ന "List of Enactments Applicable to Kerala as on 01.01.2016" എന്ന പുസ്തകം പ്രസിദ്ധീകരിച്ചത് നിലവിലുണ്ട്. ആയതിനു ശേഷം നാളിതുവരെയുള്ള സംസ്ഥാന ആക്ടുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-1 ചേർക്കുന്നു; |
| (ബി) ഈ നിയമങ്ങളിൽ കാലഹരണപ്പെട്ട നിയമങ്ങൾ ഏതൊക്കെയാണ്; ഇത്തരം എത്ര നിയമങ്ങൾ ഈ സർക്കാർ റദ്ദ് ചെയ്തിട്ടുണ്ട്; ഇനി എത്ര റദ്ദ് ചെയ്യാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാലഹരണപ്പെട്ട നിയമങ്ങൾ ഒന്നും റദ്ദാക്കിയിട്ടില്ല. ഈ നിയമങ്ങളിൽ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അധ്യക്ഷനായ നിയമ പരിഷ്കരണ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രയോഗത്തിൽ ഇല്ലാത്തതും തുടർന്ന് ആവശ്യമില്ലാത്തതുമായ 102 ആക്ടുകൾ റദ്ദാക്കുന്നതിനുള്ള 2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പതിനാലാം കേരള നിയമസഭയുടെ 34-)ം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുള്ളതും അവതരണ പ്രമേയം സംബന്ധിച്ച നോട്ടീസ് നല്കിയിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത ബിൽ നിയമസഭയിൽ അവതരിപ്പിച്ചിട്ടില്ല. മാത്രമല്ല കേരള |

| | |
|---|---|
| | സംസ്ഥാനത്ത് നിലവിലുള്ള 15 ആക്ടുകൾ റദ്ദാക്കുന്നതിന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട് പ്രസ്തുത വിഷയം വകുപ്പിൽ പരിശോധിച്ച് വരികയാണ്. കൂടാതെ ജസ്റ്റിസ് കെ.ടി തോമസ് അധ്യക്ഷനായ നിയമ പരിഷ്കരണ കമ്മീഷൻ ആവശ്യമില്ലാത്തതും റദ്ദാക്കേണ്ടതുമായ ആക്ടുകൾ സംബന്ധിച്ച ശുപാർശകൾ ആവശ്യപ്പെട്ടിട്ടുള്ളതും ആയതിന്മേൽ നടപടികൾ സ്വീകരിച്ച വരികയാണ്. കാലഹരണപ്പെട്ട നിയമങ്ങളുടെ വിശദാംശങ്ങൾ അറിയിക്കുന്നതിനായി പ്രസ്തുത ബില്ലിന്റെ പകർപ്പ് അനുബന്ധം-2 ആയി ചേർക്കുന്നു. |
| (സി)സംസ്ഥാന സർക്കാർ നിലവിലുള്ള നിയമങ്ങളിൽ വരുത്തുന്ന ഭേദഗതികൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള നിയമം യഥാസമയം നിയമവകുപ്പ് പ്രസിദ്ധീകരിക്കാറുണ്ടോ; ഭേദഗതികൾ യഥാസമയം ഉൾക്കൊള്ളിച്ച് കൊണ്ട് നിയമം പ്രസിദ്ധീകരിക്കാത്തത് കാരണം കോടതികളെ കബളിപ്പിക്കുന്ന സംഭവങ്ങൾ ഏതെങ്കിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; | നിയമനിർമ്മാണ വകുപ്പുകൾ ആവശ്യപ്പെടുന്നതനുസരിച്ച് സംസ്ഥാന സർക്കാർ നിലവിലുള്ള നിയമങ്ങളിൽ വരുത്തുന്ന ഭേദഗതികൾ ഉൾക്കൊള്ളിച്ചുകൊണ്ട് നിയമങ്ങൾ പുനഃപ്രസിദ്ധീകരിക്കാറുണ്ട്. നാളിതുവരെ 19 നിയമങ്ങൾ ആണ് പുനഃപ്രസിദ്ധീകരിച്ചിട്ടുള്ളത്. പ്രസ്തുത ലിസ്റ്റ് അനുബന്ധം-3 ആയി ചേർക്കുന്നു. ഭേദഗതികൾ യഥാസമയം ഉൾക്കൊള്ളിച്ച കൊണ്ട് നിയമം പ്രസിദ്ധീകരിക്കാത്തത് കാരണം കോടതികളെ കബളിപ്പിക്കുന്ന സംഭവങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ഡി) എങ്കിൽ നിയമസഭ പാസ്സാക്കുന്ന എല്ലാ ഭേദഗതികളും ഉൾക്കൊള്ളിച്ച് കൊണ്ടുള്ള നിയമം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതരത്തിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരി ക്കുമോ ? | നിയമനിർമ്മാണ വകുപ്പുകൾ ആവശ്യപ്പെടുന്നതനുസരിച്ച് നിയമസഭ പാസ്സാക്കുന്ന എല്ലാ ഭേദഗതികളും ഉൾക്കൊള്ളിച്ച് കൊണ്ടുള്ള നിയമം പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന തരത്തിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

## 01.01.2016-ന ശേഷം കേരള നിയമസഭ നാളിതുവരെ പാസ്സാക്കിയതും നിലവിലുള്ളതുമായ നിയമങ്ങൾ

2016

| ക്രമ നം. | ആക്റ്റ് നം. | ആക്റ്റിന്റെ പേര് |
|---|---|---|
| 1 | 1 | Kerala Sports (Amendment) Act, 2015 (1 of 2016) |
| 2 | 2 | 2015-ലെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ആക്റ്റ് (2016-ലെ 2) |
| 3 | 3 | 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ആക്റ്റ് (2016-ലെ 3) |
| 4 | 4 | 2015-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ആക്റ്റ് (2016-ലെ 4) |
| 5 | 5 | 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (റഗുലേഷൻ ആന്റ് ഡവലപ്മെന്റ്) ആക്റ്റ് (2016 ലെ 5) |
| 6 | 6 | 2016-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ആക്റ്റ് (2016-ലെ 6) |
| 7 | 7 | 2016-ലെ കേരള ധനവിനിയോഗ ആക്റ്റ് (2016-ലെ 7) |
| 8 | 8 | 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ആക്റ്റ് (2016-ലെ 8) |
| 9 | 9 | 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) |
| 10 | 10 | 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റ് (2016-ലെ 10) |
| 11 | 11 | The Payment of Wages (Kerala Amendment) Act, 2015 (11 of 2016) |
| 12 | 12 | 2016-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട് 2-ാം നമ്പർ) ആക്റ്റ് (2016-ലെ 12) |
| 13 | 13 | 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ആക്റ്റ് (2016-ലെ 13) |
| 14 | 14 | 2016-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ആക്റ്റ് (2016-ലെ 14) |
| 15 | 15 | 2016-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി (ഭേദഗതി) ആക്റ്റ് (2016-ലെ 15) |
| 16 | 16 | 2016-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ആക്റ്റ് (2016-ലെ 16) |
| 17 | 17 | The Hindu Succession (Kerala Amendment) Act, 2015 (17 of 2016) |
| 18 | 18 | 2016-ലെ കേരള ധനകാര്യ ആക്റ്റ് (2016-ലെ 18) |
| 19 | 19 | 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് (2016-ലെ 19) |
| 20 | 20 | The Kerala Court Fees and Suit Valuation (Amendment) Act, 2016 (20 of 2016) |
| 21 | 21 | The Kerala Advocates Welfare Fund (Amendment) Act, 2016 (2016-ലെ 21) |
| 22 | 22 | 2016-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (ഭേദഗതി) ആക്റ്റ് (2016-ലെ 22) |

2017

| ക്രമ നം. | ആക്റ്റ് നം. | ആക്റ്റിന്റെ പേര് |
|---|---|---|
| 1 | 1 | 2017-ലെ കേരള ധനവിനിയോഗ ആക്റ്റ് (2017-ലെ 1) |
| 2 | 2 | 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (സാധൂകരണം) ആക്റ്റ് (2017-ലെ 2) |
| 3 | 3 | 2017-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ആക്റ്റ് (2017-ലെ 3) |
| 4 | 4 | The Payment of Salaries and Allowances (Amendment) Act, 2017 (4 of 2017) |
| 5 | 5 | 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ആക്റ്റ് (2017-ലെ 5) |
| 6 | 6 | The Kerala Shops and Commercial Establishments (Amendment) Act, 2017 (6 of 2017) |
| 7 | 7 | 2017-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ആക്റ്റ് (2017-ലെ 7) |
| 8 | 8 | 2017 -ലെ മലയാള ഭാഷ പഠന ആക്റ്റ് ( 2017-ലെ 8) |
| 9 | 9 | 2017-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ആക്റ്റ് (2017-ലെ 9) |
| 10 | 10 | 2017-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ആക്റ്റ് (2017-ലെ 10) |
| 11 | 11 | 2017-ലെ കേരള ധനകാര്യ ആക്റ്റ് (2017-ലെ 11) |
| 12 | 12 | The Industrial Disputes (Kerala Amendment) Act, 2017 (12 of 2017) |
| 13 | 13 | 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ആക്റ്റ് (2017-ലെ 13) |
| 14 | 14 | 2017-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ് (2017-ലെ 14) |
| 15 | 15 | 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റ് (2017-ലെ 15) |
| 16 | 16 | 2017 -ലെ കേരള മാരിടൈം ബോർഡ് ആക്റ്റ് (2017-ലെ 16) |
| 17 | 17 | 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് (2017-ലെ 17) |
| 18 | 18 | 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് (2017-ലെ 18) |
| 19 | 19 | 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് (2017-ലെ 19) |
| 20 | 20 | 2017-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ആക്റ്റ് (2017-ലെ 20) |
| 21 | 21 | 2017-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ആക്റ്റ് (2017-ലെ 21) |
| 22 | 22 | 2017-ലെ കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ (ഭേദഗതി ) ആക്റ്റ് (2017-ലെ 22) |
| 23 | 23 | The Minimum Wages (Kerala Amendment) Act, 2016 (23 of 2017) |

മഞ്ജു. എൽ. ആർ
പെൻ. 679155
സെക്ഷൻ ഓഫീസർ
നിയമ വകുപ്പ്, ഗവ: സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

2018

| ക്രമ നം. | ആക്റ്റ് നം. | ആക്റ്റിന്റെ പേര് |
|---|---|---|
| 1 | 1 | The Commonwealth Trust, Kozhikode (Acquisition and Transfer of Undertaking) Act, 2018 (1 of 2018) |
| 2 | 2 | 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് (2018-ലെ 2) |
| 3 | 3 | 2018-ലെ കേരള ധനവിനിയോഗ ആക്റ്റ് (2018-ലെ 3) |
| 4 | 4 | 2018-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ആക്റ്റ് (2018-ലെ 4) |
| 5 | 5 | 2018-ലെ കേരള ധനകാര്യ ആക്റ്റ് (2018-ലെ 5) |
| 6 | 6 | 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് (2018-ലെ 6) |
| 7 | 7 | 2018-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്റ്റ് (2018-ലെ 7) |
| 8 | 8 | The payment of Salaries and Allowances (Amendment) Act, 2018 ( 8 of 2018) |
| 9 | 9 | 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ആക്റ്റ് (2018-ലെ 9) |
| 10 | 10 | 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ആക്റ്റ് (2018-ലെ 10 ) |
| 11 | 11 | 2018-ലെ കേരള സഹകരണ സംഘ (ഭേദഗതി) ആക്റ്റ് (2018-ലെ 11) |
| 12 | 12 | 2018-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ആക്റ്റ് (2018-ലെ 12) |
| 13 | 13 | The Kerala Investment Promotion and Facilitation Act, 2018 (13 of 2018) |
| 14 | 14 | 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ആക്റ്റ് (2018-ലെ 14) |
| 15 | 15 | The Kerala High Court (Amendment ) Act, 2018 (15 of 2018 ) |
| 16 | 16 | The Kerala Irrigation and Water Conservation Amendment Act, 2018 (16 of 2018 ) |
| 17 | 17 | 2018-ലെ എ.പി.ജെ അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ആക്റ്റ് (2018-ലെ 17) |
| 18 | 18 | 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ആക്റ്റ് (2018-ലെ 18) |
| 19 | 19 | The Kerala State Higher Education Council (Amendment) Act, 2018 (19 of 2018) |
| 20 | 20 | The Kerala University (Amendment) Act, 2018 (20 of 2018) |
| 21 | 21 | The Sree Sankaracharya University of Sanskrit (Amendment) Act, 2018 (21 of 2018) |

| | | |
|---|---|---|
| 22 | 22 | 2018-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ആക്റ്റ് (2018-ലെ 22) |
| 23 | 23 | 2018-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് (2018-ലെ 23) |
| 24 | 24 | 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് (2018-ലെ 24) |
| 25 | 25 | 2018-ലെ അബ്കാരി (ഭേദഗതി) ആക്റ്റ് (2018-ലെ 25) |
| 26 | 26 | 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ആക്റ്റ് (2018-ലെ 26) |
| 27 | 27 | 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ആക്റ്റ് (2018-ലെ 27) |
| 28 | 28 | 2018-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ആക്റ്റ് (2018-ലെ 28) |
| 29 | 29 | 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് (2018-ലെ 29) |
| 30 | 30 | 2018-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ആക്റ്റ് (2018-ലെ 30) |
| 31 | 31 | 2018 -ലെ കേരള പോലീസ് (ഭേദഗതി ) ആക്റ്റ് (No. 31 of 2018 ) |
| 32 | 32 | 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ആക്റ്റ് (2018-ലെ 32) |
| 33 | 33 | 2018-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ആക്റ്റ് (2018-ലെ 33) |
| 34 | 34 | The Kerala Shops and Commercial Establishments (Amendment) Act (34 of 2018) |
| 35 | 35 | 2018-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ആക്റ്റ് (2018-ലെ 35) |
| 36 | 36 | 2018-ലെ കേരള സംസ്ഥാന ചരക്ക് സേവന നികുതി (ഭേദഗതി) ആക്റ്റ് (2018-ലെ 36) |
| 37 | 37 | 2018 -ലെ കേരള സ്പോർട്സ് (ഭേദഗതി ) ആക്റ്റ് (2018 -ലെ 37 ) |
| 38 | 38 | 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ് (2018-ലെ 38) |
| 39 | 39 | 2018-ലെ കേരള സഹകരണ സംഘ (രണ്ടാം ഭേദഗതി) ആക്റ്റ് (2018-ലെ 39) |

മഞ്ജു. എൽ. ആർ
പെൻ. 679155
സെക്ഷൻ ഓഫീസർ
നിയമ വകുപ്പ്, ഗവ: സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

## 2019

| Sl. No | Act Number | Short Title |
|---|---|---|
| 1. | 1 | The Kerala Co-operative Societies (Amendment) Act, 2019 |
| 2. | 2 | The Kerala Appropriation (Vote on Account) Act, 2019 |
| 3. | 3 | The Kerala Appropriation Act, 2019 |
| 4. | 4 | The Kerala Medical Education (Regulation and Control of Admission to Private Medical Educational Institutions) Amendment Act, 2019 |
| 5. | 5 | The Kerala Finance Act, 2019 |
| 6. | 6 | The Kerala Appropriation (No.2) Act, 2019 |
| 7. | 7 | The Kerala Appropriation (No.3) Act, 2019 |
| 8. | 8 | The Kerala Police (Amendment) Act, 2019 |
| 9. | 9 | The Kerala prevention of Damage to Private Property and payment of Compensation Act, 2019 |
| 10. | 10 | The Kerala Municipality (Amendment) Act, 2019 |
| 11. | 11 | The Kerala Panchayat Raj (Amendment) Act, 2019 |
| 12. | 12 | The Kerala Anganawadi Workers' and Anganawadi Helpers' Welfare Fund (Amendment) Act, 2019 |
| 13. | 13 | The Kerala Co-operative Hospital Complex, the Academy of Medical Sciences and Allied Institutions (Taking over and Administration) Act, 2019 |
| 14. | 14 | The Kerala Veterinary and Animal Sciences University (Amendment) Act, 2019 |
| 15. | 15 | The University Laws (Amendment)(No.2) Act, 2019 |
| 16. | 16 | The Kerala Micro, Small and Medium Enterprises Facilitation Act, 2019 |
| 17. | 17 | The Kerala Jewellery Workers' Welfare Fund (Amendment) Act, 2019 |
| 18. | 18 | The Kerala Madrasa Teachers' Welfare Fund Act, 2019 |
| 19. | 19 | The Madras Hindu Religious and Charitable Endowments (Amendment) Act, 2019 |
| 20. | 20 | The Kerala Farmers' Debt Relief Commission (Amendment) Act, 2019 |
| 21. | 21 | The University Laws (Amendment) Act, 2019 |

| | | |
|---|---|---|
| 22. | 22 | The Non-Resident Keralites' Welfare (Amendment) Act, 2019 |
| 23. | 23 | The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Act, 2019 |
| 24. | 24 | The Kerala Appropriation (No.4) Act, 2019 |
| 25. | 25 | The Kerala Metropolitan Transport Authority Act, 2019 |
| 26. | 26 | The Kerala Farmers' Welfare Fund Act, 2018. |

മഞ്ജു. എൻ. ആർ
പെൻ. 679155
സെക്ഷൻ ഓഫീസർ
നിയമ വകുപ്പ്, ഗവ: സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

**2020**

| ക്രമ നം. | ആക്ട് നം. | ആക്ടിന്റെ പേര് |
|---|---|---|
| 1 | 1 | 2020-ലെ കേരള ക്രിസ്ത്യൻ (മലങ്കര ഓർത്തഡോക്സ്-യാക്കോബായ) സെമിത്തേരികളിൽ മൃതദേഹം അടക്കം ചെയ്യുന്നതിനുള്ള അവകാശം ആക്ട് |
| 2 | 2 | 2020-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് |
| 3 | 3 | 2020-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് |

11/03/2020

മഞ്ജു. എൽ. ആർ
പെൻ. 679155
സെക്ഷൻ ഓഫീസർ
നിയമ വകുപ്പ്, ഗവ: സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

## Acts and ordinances republished

| Sl No. | Name of Act |
|---|---|
| 1 | The National University of Advanced Legal Studies Act, 2005 |
| 2 | The Kerala Sports Act, 2000 |
| 3 | The Kerala Promotion of Tree Growth in Non Forest Areas Act, 2005 |
| 4 | The Kerala Dairy Farmers Welfare Fund Act, 2007 |
| 5 | The Kerala Conservation of Paddy Land and Wet Land Act, 2008 (28 of 2008) |
| 6 | The Kerala Lok Ayuktha Act, 1999 ( 8 of 1999) |
| 7 | The Kerala Tax on Paper Lotteries Act, 2005 ( 20 of 2005) |
| 8 | The Kerala Forest (Vesting and Management of Ecologically Fragile Lands) Act, 2003 ( 21 of 2005) |
| 9 | The Kerala Fishermen's Debt Relief Act, 2008 ( Act 18 of 2008) |
| 10 | The Kerala Marine Fishing Regulation Act, 1980 ( Act 10 of 1981) |
| 11 | The Kerala Official Language (Legislation) Act, 1969 ( Act 7 of 1969 ) |
| 12 | The Kerala State Commission for Backward Classes Act, 1993 (Act 11 of 1993) |
| 13 | The Kerala Tailoring Worker's Welfare Fund Act, 1994 ( Act 16 of 1994) |
| 14 | The Kerala Command Area Development Act, 1986 ( Act 37 of 1986) |
| 15 | The Kerala (Scheduled Castes and Scheduled Tribes) Regulation and issue of Community Certificate Act, 1996, ( Act II of 1996) |
| 16 | Tlhe Kerala Anti- Social Activities (Prevention) Act, 2007 ( Act 34 of 2007) |
| 17 | The Mahathma Gandhi University Act, 1985 ( Act 12 of 1985) |
| 18 | The Kerala Panchayat Raj Act, 1994 ( Act 13 of 1994) **[Under printing]** |
| 19 | 1985 -ലെ മഹാത്മാഗാന്ധി സർവകലാശാല ആക്ട് (മലയാളം) |

മഞ്ജു. എൻ. ആർ
പെൻ. 679155
സെക്ഷൻ ഓഫീസർ
നിയമ വകുപ്പ്, ഗവ: സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 34

# 2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 34

# 2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ

1300/2016.

# 2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ

പ്രയോഗത്തിലില്ലാത്തതും തുടർന്ന് ആവശ്യമില്ലാത്തതും ആയ ചില നിയമങ്ങൾ റദ്ദാക്കുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—പ്രയോഗത്തിലില്ലാത്തതും തുടർന്ന് ആവശ്യമില്ലാത്തതും ആയ ചില നിയമങ്ങൾ റദ്ദാക്കേണ്ടത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചില നിയമങ്ങൾ റദ്ദാക്കൽ.—ഈ ആക്റ്റിന്റെ പട്ടികയിൽ പറഞ്ഞിട്ടുള്ള നിയമങ്ങൾ ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

3. ഒഴിവാക്കൽ.—(1) ഈ ആക്റ്റ്മൂലം പട്ടികയിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും നിയമം റദ്ദാക്കിയത്, റദ്ദാക്കപ്പെട്ട നിയമം ബാധകമാക്കിയിട്ടുള്ളതോ ഉൾപ്പെടുത്തിയിട്ടുള്ളതോ പരാമർശിച്ചിട്ടുള്ളതോ ആയ മറ്റേതെങ്കിലും നിയമത്തെ ബാധിക്കുന്നതല്ലാത്തതും, ഈ ആക്റ്റ്, ഇതിനകം ചെയ്തതോ നേരിട്ടതോ ആയ ഏതിന്റെയെങ്കിലും സാധുതയെയോ സാധുത ഇല്ലായ്മയെയോ പ്രഭാവത്തെയോ അനന്തരഫലത്തെയോ അഥവാ ഇതിനകം ആർജ്ജിച്ചിട്ടുള്ളതോ പ്രാപ്തമായതോ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ ഉടമസ്ഥാവകാശത്തെയോ, കർത്തവ്യത്തെയോ, ബാദ്ധ്യതയെയോ അഥവാ അവ സംബന്ധിച്ച ഏതെങ്കിലും പരിഹാരത്തെയോ നടപടിയെയോ അഥവാ ഏതെങ്കിലും കടം, പിഴ, കർത്തവ്യം, ബാദ്ധ്യത, അവകാശവാദം അല്ലെങ്കിൽ ആവശ്യപ്പെടൽ എന്നിവയെ സംബന്ധിച്ചോ അവയിൽ നിന്നും ഉള്ള മോചനത്തെയോ ബാദ്ധ്യതാ വിമുക്തിയെയോ അഥവാ ഇതിനകം നൽകിയിട്ടുള്ള ഏതെങ്കിലും നഷ്ടോത്തരവാദത്തെയോ അഥവാ മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും പ്രവർത്തിയെയോ കാര്യത്തെയോ ബാധിക്കുന്നതല്ലാത്തതുമാണ്;

അതുമല്ല, ഏതെങ്കിലും നിയമം വഴിയോ നിയമത്തിലോ നിയമത്തിൽനിന്നോ പ്രാമാണീകരിച്ചിട്ടുള്ളതോ അംഗീകാരം സിദ്ധിച്ചിട്ടുള്ളതോ ഉരുത്തിരിഞ്ഞിട്ടുള്ളതോ ആയ ഏതെങ്കിലും തത്വമോ നിയമപ്രമാണമോ അഥവാ വ്യവസ്ഥാപിതമായ അധികാരിതയോ, അന്യായ ഹർജിയുടെ രൂപമോ, ഗതിയോ, പതിവോ, നടപടിക്രമമോ അഥവാ നിലവിലുള്ള വഴക്കമോ ആചാരമോ വിശേഷാധികാരമോ പരിമിതിയോ ഒഴിവാക്കലോ ഉദ്യോഗമോ നിയമനമോ അവ ഏതെങ്കിലും വിധത്തിൽ, യഥാക്രമം, ഇതിൻപ്രകാരം റദ്ദാക്കിയിട്ടുള്ള നിയമങ്ങളാൽ ആയിരുന്നാൽ തന്നെയും, ഈ ആക്റ്റ് ബാധിക്കുന്നതല്ല;

അതുമല്ല, ഈ ആക്റ്റ് പ്രകാരമുള്ള ഏതെങ്കിലും നിയമത്തിന്റെ റദ്ദാക്കൽ, ഇപ്പോൾ നിലവിലില്ലാത്തതോ പ്രാബല്യത്തിലില്ലാത്തതോ ആയ ഏതെങ്കിലും അധികാരിത, ഉദ്യോഗം, ആചാരം, ബാദ്ധ്യത, അവകാശം, ഉടമസ്ഥാവകാശം, പ്രത്യേകാവകാശം, പരിമിതി, ഒഴിവാക്കൽ, ആചരണം, പതിവ്, നടപടിക്രമം എന്നിവയെയോ അഥവാ മറ്റ് സംഗതിയെയോ കാര്യത്തെയോ പുനരുജ്ജീവിപ്പിക്കുകയോ പുനഃസ്ഥാപിക്കുകയോ ചെയ്യുന്നതല്ല.

(2) 1125-ലെ കേരള വ്യാഖ്യാനവും സാമാന്യഖണ്ഡങ്ങളും ആക്റ്റിന്റെ (1125-ലെ VII) 4-ാം വകുപ്പിലെ വ്യവസ്ഥകൾ, ഈ ആക്റ്റ് പ്രകാരമുള്ള, ഒരു നിയമത്തിന്റെ റദ്ദാക്കൽ സംബന്ധിച്ച്, ബാധകമായിരിക്കുന്നതാണ്.

പട്ടിക

(2-ാം വകുപ്പ് കാണുക)

| ക്രമ നമ്പർ | വർഷവും ആക്റ്റിന്റെ/ റെഗുലേഷന്റെ നമ്പരും | | ചുരുക്കപ്പേര് |
|---|---|---|---|
| (1) | (2) | | (3) |
| **തിരുവിതാംകൂർ ആക്റ്റുകൾ** | | | |
| 1 | 1040 | | 1040-ലെ എൻഫ്രാഞ്ചൈസ്മെന്റ് ഓഫ് സർക്കാർ പാട്ടം ലാന്റ്സ് പ്രൊക്ലമേഷൻ (ട്രാവൻകൂർ) |
| 2 | 1061 | | 1061-ലെ റവന്യൂ സെറ്റിൽമെന്റ് പ്രൊക്ലമേഷൻ (ട്രാവൻകൂർ) |
| **കൊച്ചി ആക്റ്റുകൾ** | | | |
| 3 | 1118 | XII | 1118-ലെ ദി പള്ളിപ്പുറത്ത് പാഴൂർ ഇല്ലം അസംപ്ഷൻ ഓഫ് മാനേജ്മെന്റ് പ്രൊക്ലമേഷൻ (കൊച്ചി) |
| 4 | | | പാലിയം വിളംബരം (കൊച്ചിയിൽ മാത്രം) |
| 5 | 1095 | XVIII | 1095-ലെ ദി പ്രിവെൻഷൻ ഓഫ് ക്രൂവൽറ്റി റ്റു ആനിമൽസ് ആക്റ്റ് (കൊച്ചി) |

| (1) | | (2) | (3) |
|---|---|---|---|
| 6 | 1109 | I | 1109-ലെ ദി കൊച്ചിൻ അമെന്റിംഗ് ആക്റ്റ് |
| 7 | 1111 | XXVI | 1111-ലെ ദി പ്രിവെൻഷൻ ഓഫ് ഡെഡിക്കേഷൻ ആക്റ്റ് |
| 8 | 1112 | XXVI | 1112-ലെ ദി കൊച്ചിൻ ഡെബ്റ്റ് കൺസീലിയേഷൻ ആക്റ്റ് |
| 9 | 1118 | XV | 1118-ലെ അമെന്റിംഗ് പ്രൊക്ലമേഷൻ |
| 10 | 1123 | I | 1123-ലെ പ്രൊക്ലമേഷൻ എക്സ്റ്റെൻഡിംഗ് ദി പീരിയഡ് ഓഫ് മാനേജ്മെന്റ് ഓവർ പാലിയം എസ്റ്റേറ്റ് (കൊച്ചി) |
| 11 | 1124 | VIII | 1124-ലെ പാലിയം പ്രൊക്ലമേഷൻ |

**തിരുവിതാംകൂർ-കൊച്ചി ആക്റ്റ്**

| | | | |
|---|---|---|---|
| 12 | 1955 | XXVI | 1955-ലെ ദി ട്രാവൻകൂർ കൊച്ചിൻ എന്റർടെയിൻമെന്റ്സ് ടാക്സ് (വാലിഡേഷൻ ഓഫ് ലെവി ആന്റ് കളക്ഷൻ) ആക്റ്റ് |

**മലബാർ പ്രദേശത്ത് ബാധകമായിട്ടുള്ള മദ്രാസ് ആക്റ്റുകളും റഗുലേഷനുകളും**

| | | | |
|---|---|---|---|
| 13 | 1802 | III | 1802-ലെ ദി മദ്രാസ് അഡ്മിനിസ്ട്രേഷൻ ഓഫ് എസ്റ്റേറ്റ്സ് റഗുലേഷൻ |
| 14 | 1862 | IV | 1862-ലെ ദി മദ്രാസ് എൻഫ്രാഞ്ചൈസ്ഡ് ഇനാംസ് ആക്റ്റ് |
| 15 | 1867 | I | 1867-ലെ ദി മദ്രാസ് ജനറൽ ക്ലോസ്സസ് ആക്റ്റ് |
| 16 | 1891 | I | 1891-ലെ ദി മദ്രാസ് ജനറൽ ക്ലോസ്സസ് ആക്റ്റ് |
| 17 | 1914 | VIII | 1914-ലെ ദി മദ്രാസ് ഡിസെൻട്രലൈസേഷൻ ആക്റ്റ് |
| 18 | 1947 | XIV | 1947-ലെ ദി മദ്രാസ് എസ്റ്റേറ്റ്സ്, കമ്മ്യൂണൽ, ഫോറസ്റ്റ് ആന്റ് പ്രൈവറ്റ് ലാന്റ്സ് (പ്രൊഹിബിഷൻ ഓഫ് എലിയനേഷൻ) ആക്റ്റ് |
| 19 | 1947 | XXXI | 1947-ലെ ദി മദ്രാസ് ദേവദാസീസ് (പ്രിവെൻഷൻ ഓഫ് ഡെഡിക്കേഷൻ) ആക്റ്റ് |
| 20 | 1948 | VII | 1948-ലെ ദി മദ്രാസ് റീ ഇനാക്റ്റിംഗ് ആന്റ് റിപ്പീലിംഗ് (നമ്പർ I) ആക്റ്റ് |
| 21 | 1948 | VIII | 1948-ലെ ദി മദ്രാസ് റീ ഇനാക്റ്റിംഗ് (നമ്പർ II) ആക്റ്റ് |
| 22 | 1948 | IX | 1948-ലെ ദി മദ്രാസ് റീ ഇനാക്റ്റിംഗ് (നമ്പർ III) ആക്റ്റ് |
| 23 | 1949 | X | 1949-ലെ ദി മദ്രാസ് റീ ഇനാക്റ്റിംഗ് ആക്റ്റ് |

| (1) | (2) | (3) |
| --- | --- | --- |
| 24 1949 | XXIX | 1949-ലെ ദി മദ്രാസ് എസ്സൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആന്റ് റിക്വിസിഷനിംഗ് (ടെമ്പററി പവേഴ്സ്) ആക്റ്റ് |
| 25 1950 | III | 1950-ലെ ദി മദ്രാസ് ഇനാക്റ്റിംഗ് ആക്റ്റ് |
| 26 1951 | XIV | 1951-ലെ ദി മദ്രാസ് റിപ്പീലിംഗ് ആന്റ് അമെൻഡിംഗ് ആക്റ്റ് |
| 27 1952 | XI | 1952-ലെ ദി മദ്രാസ് റിപ്പീലിംഗ് ആന്റ് അമെൻഡിംഗ് ആക്റ്റ് |
| 28 1954 | XXIX | 1954-ലെ ദി മദ്രാസ് ഇലക്ട്രിസിറ്റി സപ്ലൈ അണ്ടർടേക്കിംഗ്സ് (അക്വിസിഷൻ) ആക്റ്റ് |
| 29 1955 | XXXVI | 1955-ലെ ദി മദ്രാസ് റിപ്പീലിംഗ് ആന്റ് അമെൻഡിംഗ് ആക്റ്റ് |
| **കേരള ആക്റ്റുകൾ** | | |
| 30 1961 | 21 | 1961-ലെ പട്ടാഴി ദേവസ്വം ഭൂമി (കൈവശം നൽകലും ബന്ധവിമോചനവും) ആക്റ്റ് |
| 31 1963 | 9 | 1963-ലെ കൈവശാവകാശത്തിനും, നിരോധന കൽപ്പനയ്ക്കും വേണ്ടിയുള്ള വ്യവഹാരങ്ങൾ (വീണ്ടും ഉള്ള കൈമാറ്റം) ആക്റ്റ് |
| 32 1969 | 19 | 1969-ലെ തിരുപ്പുവാരം കൊടുക്കൽ (നിർത്തലാക്കൽ) ഭേദഗതി ആക്റ്റ് |
| 33 1975 | 30 | 1975-ലെ കേരള അധമർണ്ണ (താൽക്കാലികാശ്വാസ) ആക്റ്റ് |
| 34 1976 | 9 | 1976-ലെ കേരള മുനിസിപ്പൽ കൗൺസിൽ (കൗൺസിലർമാരുടെ ഉദ്യോഗ കാലാവധി നീട്ടൽ) ആക്റ്റ് |
| 35 1976 | 16 | 1976-ലെ കാണകുടിയായ്മ നിർത്തലാക്കൽ ആക്റ്റ് |
| 36 1976 | 31 | 1976-ലെ തിരുവിതാംകൂർ കൊട്ടാരത്തിലേക്ക് നെല്ലും അരിയും നൽകുന്നത് സംബന്ധിച്ച (അവകാശങ്ങളും ബാദ്ധ്യതകളും നിർത്തലാക്കൽ) ആക്റ്റ് |
| 37 1977 | 3 | 1976-ലെ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ (പുനഃസംഘടിപ്പിക്കുന്നതിനുള്ള സമയം നീട്ടൽ) ആക്റ്റ് |

| (1) | (2) | | (3) |
| --- | --- | --- | --- |
| 38 | 1988 | 13 | 1988-ലെ ഗാന്ധിജി സർവ്വകലാശാല (സെനറ്റും സിൻഡിക്കേറ്റും പിരിച്ചുവിടൽ) ആക്റ്റ് |
| 39 | 2001 | 19 | 2001-ലെ കേരള കാർഷിക കടക്കാർ (താൽക്കാലികാശ്വാസ) ആക്റ്റ് |
| 40 | 2004 | 3 | 2004-ലെ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് (ജീവനക്കാരുടെ നിയമനം സാധൂകരിക്കൽ) ആക്റ്റ് |
| 41 | 2005 | 8 | 2005-ലെ കേരള വിനോദസഞ്ചാര (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ആക്റ്റ് |

ഭേദഗതി ആക്റ്റുകൾ

| | | | |
| --- | --- | --- | --- |
| 42 | 2002 | 4 | 2002-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ആക്റ്റ് |
| 43 | 2002 | 5 | 2002-ലെ കേരള അടിസ്ഥാന സൗകര്യ നിക്ഷേപനിധി (ഭേദഗതി) ആക്റ്റ് |
| 44 | 2002 | 6 | 2002-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ആക്റ്റ് |
| 45 | 2003 | 1 | 2003-ലെ കേരള അബ്കാരി (ഭേദഗതി) ആക്റ്റ് |
| 46 | 2003 | 2 | 2003-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ആക്റ്റ് |
| 47 | 2003 | 3 | 2003-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ആക്റ്റ് |
| 48 | 2003 | 4 | 2003-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ആക്റ്റ് |
| 49 | 2003 | 7 | 2003-ലെ കേരള പൊതുവിൽപ്പന നികുതി (മൂന്നാം ഭേദഗതി) ആക്റ്റ് |
| 50 | 2003 | 8 | 2003-ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ (ഭേദഗതി) ആക്റ്റ് |
| 51 | 2003 | 9 | 2003-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് |
| 52 | 2003 | 10 | 2003-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് |

| (1) | (2) | | (3) |
|---|---|---|---|
| 53 | 2003 | 11 | 2003-ലെ കേരള പൊതുവിൽപ്പന നികുതി (രണ്ടാം ഭേദഗതി) ആക്റ്റ് |
| 54 | 2003 | 16 | 2003-ലെ കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ആക്റ്റ് |
| 55 | 2003 | 28 | 2003-ലെ കേരള വൃക്ഷസംരക്ഷണ (ഭേദഗതി) ആക്റ്റ് |
| 56 | 2004 | 1 | 2004-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ആക്റ്റ് |
| 57 | 2004 | 4 | 2004-ലെ കേരള ടോൾ (ഭേദഗതി) ആക്റ്റ് |
| 58 | 2004 | 16 | 2004-ലെ കേരള സഹകരണ നിയമങ്ങൾ (ഭേദഗതി) ആക്റ്റ് |
| 59 | 2005 | 1 | 2005-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ആക്റ്റ് |
| 60 | 2005 | 2 | 2005-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ആക്റ്റ് |
| 61 | 2005 | 3 | 2005-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് |
| 62 | 2005 | 4 | 2005-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് |
| 63 | 2005 | 5 | 2005-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ആക്റ്റ് |
| 64 | 2005 | 6 | 2005-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ആക്റ്റ് |
| 65 | 2005 | 7 | 2005-ലെ കേരള കണ്ടിജൻസി ഫണ്ട് (ഭേദഗതി) ആക്റ്റ് |
| 66 | 2005 | 19 | 2005-ലെ കേരള ചൂതാട്ട (ഭേദഗതി) ആക്റ്റ് |
| 67 | 2005 | 22 | 2005-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ആക്റ്റ് |
| 68 | 2005 | 23 | 2005-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് |
| 69 | 2005 | 24 | 2005-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ആക്റ്റ് |
| 70 | 2005 | 26 | 2005-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദ നികുതി (ഭേദഗതി) ആക്റ്റ് |

| (1) | (2) | | (3) |
|---|---|---|---|
| 71 | 2005 | 28 | 2005-ലെ കേരള സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ (ക്യാപിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ഭേദഗതി ആക്റ്റ് |
| 72 | 2005 | 29 | 2005-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഭേദഗതി ചെയ്യൽ ആക്റ്റ് |
| 73 | 2005 | 30 | 2005-ലെ കേരള പഞ്ചായത്ത് രാജ് (അഞ്ചാം ഭേദഗതി) ആക്റ്റ് |
| 74 | 2005 | 31 | 2005-ലെ കേരള പഞ്ചായത്ത് രാജ് (മൂന്നാം ഭേദഗതി) ആക്റ്റ് |
| 75 | 2005 | 33 | 2005-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ആക്റ്റ് |
| 76 | 2005 | 34 | 2005-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ആക്റ്റ് |
| 77 | 2005 | 35 | 2005-ലെ കേരള മുനിസിപ്പാലിറ്റി (അഞ്ചാം ഭേദഗതി) ആക്റ്റ് |
| 78 | 2005 | 36 | 2005-ലെ കേരള മുനിസിപ്പാലിറ്റി (ആറാം ഭേദഗതി) ആക്റ്റ് |
| 79 | 2005 | 37 | 2005-ലെ കേരള മുനിസിപ്പാലിറ്റി (ഏഴാം ഭേദഗതി) ആക്റ്റ് |
| 80 | 2005 | 40 | 2005-ലെ കേരള പൊതുവിൽപ്പന നികുതി (ഭേദഗതി) ആക്റ്റ് |
| 81 | 2005 | 41 | 2005-ലെ കേരള ആഡംബര നികുതി (ഭേദഗതി) ആക്റ്റ് |
| 82 | 2005 | 42 | 2005-ലെ കേരള തദ്ദേശ പ്രദേശങ്ങളിലേക്ക് സാധനങ്ങൾ പ്രവേശിക്കുന്നതിൻമേലുള്ള നികുതി (ഭേദഗതി) ആക്റ്റ് |
| 83 | 2005 | 43 | 2005-ലെ കേരള കാർഷികാദായ നികുതി (ഭേദഗതി) ആക്റ്റ് |
| 84 | 2005 | 45 | 2005-ലെ കേരള ജലവിതരണവും അഴുക്കുചാലും (ഭേദഗതി) ആക്റ്റ് |
| 85 | 2006 | 1 | 2005-ലെ കേരള ഭൂപരിഷ്കരണ (മൂന്നാം ഭേദഗതി) ആക്റ്റ് |
| 86 | 2006 | 4 | 2006-ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ആക്റ്റ് |
| 87 | 2006 | 21 | 2005-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ആക്റ്റ് |
| 88 | 2007 | 5 | 2007-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ആക്റ്റ് |
| 89 | 2007 | 6 | 2007-ലെ കേരള പബ്ളിക് അക്കൗണ്ടന്റ്സ് (ഭേദഗതി) ആക്റ്റ് |

| (1) | (2) | | (3) |
|---|---|---|---|
| 90 | 2007 | 11 | 2007-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് |
| 91 | 2007 | 12 | 2007-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് |
| 92 | 2007 | 19 | 2007-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന (ഭേദഗതി) ആക്റ്റ് |
| 93 | 2007 | 21 | 2007-ലെ കേരള പോലീസ് (ഭേദഗതി) ആക്റ്റ് |
| 94 | 2007 | 23 | 2007-ലെ മഹാത്മാഗാന്ധി സർവ്വകലാശാല (ഭേദഗതി) ആക്റ്റ് |
| 95 | 2007 | 24 | 2007-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ആക്റ്റ് |
| 96 | 2007 | 25 | 2007-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ആക്റ്റ് |
| 97 | 2007 | 26 | 2007-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്റ്റ് |
| 98 | 2007 | 27 | 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ആക്റ്റ് |
| 99 | 2007 | 29 | 2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ആക്റ്റ് |
| 100 | 2007 | 31 | 2007-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ആക്റ്റ് |
| 101 | 2007 | 32 | 2007-ലെ ഇടവക അവകാശങ്ങൾ വിലയ്ക്കെടുക്കൽ (ഭേദഗതി) ആക്റ്റ് |
| 102 | 2007 | 33 | 2007-ലെ കേരള പ്രൊഫഷണൽ കോളേജുകളും അല്ലെങ്കിൽ സ്ഥാപനങ്ങളും (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും, ചൂഷണരഹിത ഫീസ് നിശ്ചയിക്കലും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പുവരുത്തുന്നതിനുള്ള മറ്റ് നടപടികളും) ഭേദഗതി ആക്റ്റ്. |

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കാലാകാലങ്ങളിൽ, പ്രയോഗത്തിൽ ഇല്ലാത്തതോ തുടർന്ന് ആവശ്യമില്ലാത്തതോ ആയ ആക്റ്റുകൾ റദ്ദ് ചെയ്യുന്നത് പ്രസ്തുത നിയമങ്ങൾ സ്റ്റാറ്റ്യൂട്ട് ബുക്കിൽനിന്നും നീക്കം ചെയ്യുന്നതിന് സഹായകമാകുന്നു. ഒരു പ്രത്യേക കാലയളവിലേക്കോ പ്രത്യേക ആവശ്യത്തിലേക്കോ മാത്രമായി നിലനിൽപ്പ് പരിമിതപ്പെടുത്തിയിട്ടുള്ളതോ മുമ്പ് നിലവിലുണ്ടായിരുന്ന താൽക്കാലിക നിയമങ്ങൾ തുടരുന്നതിലേക്കുവേണ്ടി മാത്രമോ ഉണ്ടാക്കിയിട്ടുള്ളതായ കാലഹരണപ്പെട്ട നിയമങ്ങൾ സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിലനിർത്തേണ്ടതില്ല. തുടർന്നും നടപ്പിലാക്കാൻ കഴിയാത്തതോ ലക്ഷ്യങ്ങൾ നിറവേറിയതിനാൽ പ്രയോഗം നിലച്ചതോ ആയ കാലഹരണപ്പെട്ട നിയമങ്ങളും സ്റ്റാറ്റ്യൂട്ട് ബുക്കിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.

2. ഭേദഗതി ആക്റ്റുകൾ അവയുടെ മൂലനിയമത്തിന്റെ ഭാഗമായിത്തീർന്നതിനാൽ അവ സ്റ്റാറ്റ്യൂട്ട് ബുക്കിൽ പ്രത്യേക നിയമങ്ങളായി നിലനിർത്തേണ്ടതില്ല.

3. സംസ്ഥാന സർക്കാർ നിയമിച്ച റിട്ടയേർഡ് ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായ നിയമ പരിഷ്കരണ കമ്മീഷൻ, കാലഹരണപ്പെട്ടതും തുടർന്ന് ആവശ്യമില്ലാത്തതുമായ നിയമങ്ങൾ റദ്ദാക്കുവാൻ സർക്കാരിനോട് ശിപാർശ ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പരിശോധിച്ച് അത്തരം നിയമങ്ങൾ റദ്ദാക്കുവാൻ തീരുമാനിച്ചിട്ടുള്ളതും ആണ്.

4. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

എ. കെ. ബാലൻ